# യോഹന്നാന്റെ ജീവപഠനം

## ദൂത് നാൽപ്പത്തിമൂന്ന്

## വർദ്ധനവിനായി പ്രക്രിയാവിധേയമായ ജീവൻ

## (2)

യോഹന്നാന്റെ സുവിശേഷം നമ്മിലേക്കു ജീവനായി വരുന്ന ദൈവത്തിന്റെ ആവിഷ്കാരംതന്നെയായ കർത്താവിനെ വെളിപ്പെടുത്തുന്നു എന്നു നാം കണ്ടു. ദൈവം നമ്മോട് ഒന്നാകുകയും നാം അവനോട് ഒന്നാകുകയും ചെയ്യുന്നതുവരെ ദൈവത്തെ നമ്മോട് ഇഴുകിച്ചേർത്തുകൊണ്ട് അവന് ദൈവത്തെ നമ്മിലേക്ക് കൊണ്ടുവരികയും നമ്മെ ദൈവത്തിലേക്ക് കൊണ്ടുവരികയും ചെയ്യത്തക്കവണ്ണം, അവനെത്തന്നെ നമ്മിലേക്ക് പകർന്ന് അവൻ നമുക്ക് സകലവുമാകുകയും നമ്മുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റുകയും ചെയ്യുന്നു. അതായത്, ജീവനായി അവനെത്തന്നെ നമുക്ക് പകർന്നുനൽകുകയും നമ്മുടെ ആവശ്യങ്ങളെല്ലാം നിറവേറ്റുകയും ദൈവത്തെ നമ്മോട് ഒന്നായി ഇഴുകിച്ചേർക്കുകയും ചെയ്യുന്ന ദൈവത്തിന്റെ ആവിഷ്കാരം തന്നെയാണ് കർത്താവ്. ഒന്നു മുതൽ പതിനേഴ് വരെയുള്ള അദ്ധ്യായങ്ങളിലെ പ്രധാന ചിന്ത ഇതാണ്. അവനാൽ വീണ്ടുംജനിച്ച എല്ലാവരും ഈ ദിവ്യജീവനിൽ ഒന്നാകും. വാസ്തവത്തിൽ, നാം ദൈവത്തോട് ഈ ദിവ്യജീവനിൽ ഒന്നായിരിക്കുന്നതുപോലെതന്നെ, നാം മറ്റ് ഓരോരുത്തരുമായി ഈ ദിവ്യജീവനിൽ ഒന്നാണ്. ഈ പതിനേഴ് അദ്ധ്യായങ്ങളിലുള്ള ഇത്തരം ഒരു വെളിപ്പാടിനു ശേഷം, പതിനെട്ടും പത്തൊൻമ്പതും അദ്ധ്യായങ്ങളിൽ മരണത്തിലേക്കു പോകുവാനും തന്നെത്തന്നെ മരണത്തിന് ഏൽപ്പിച്ചുകൊടുക്കുവാനും അങ്ങനെ ഏക ഗോതമ്പുമണിയായി ഭൂമിയിലേക്ക് വിതക്കപ്പെട്ട് മരിച്ച് ഉയിർക്കുവാനും തന്നെത്താൻ വിടുവിക്കുവാനും നമ്മിലേക്ക് പകരുവാനും അങ്ങനെ തന്റെ മരണപുനരുത്ഥാനങ്ങളാൽ അനേക ഫലം ഉളവാക്കുവാനും ഉള്ള കർത്താവിന്റെ താല്പര്യത്തെ പരിശുദ്ധാത്മാവ് വെളിപ്പെടുത്തുന്നു.

യോഹന്നാൻ 18-ഉം 19-ഉം ഉള്ള പരിശുദ്ധാത്മാവിന്റെ ചിന്ത പ്രധാനമായും നമ്മുടെ പാപങ്ങളെ വഹിക്കുകയും നമ്മുടെ പാപങ്ങൾക്കുവേണ്ടി ക്രൂശിന്മേൽ മരിക്കുകയും നമ്മുടെ പാപങ്ങളുടെ ശാപത്തിൽനിന്ന് നമ്മെ വീണ്ടെടുക്കുകയും ചെയ്യുന്ന വീണ്ടെടുപ്പുകാരനെ സംബന്ധിച്ചതല്ല. വീണ്ടെടുപ്പുകാരനെയും അവന്റെ വീണ്ടെടുപ്പിനെയും സംബന്ധിച്ച ചിന്ത പ്രധാനമായും ആദ്യത്തെ മൂന്നു സുവിശേഷങ്ങളിൽ കാണാം. യോഹന്നാന്റെ സുവിശേഷത്തിലെ, പ്രത്യേകിച്ച് പതിനെട്ടും പത്തൊമ്പതും അദ്ധ്യായങ്ങളിലെ ചിന്ത പ്രധാനമായും മരണത്തിലേക്ക് പോകുകയും മരണപുനരുത്ഥാനങ്ങളിലൂടെ തന്നെത്തന്നെ വിടുവിക്കുകയും ചെയ്യുന്ന ജീവന്റെ വിത്തായ കർത്താവിനെ സംബന്ധിച്ചതാണ്. ഇപ്രകാരം, അനേക മണികളെ ഉളവാക്കുവാൻ ഏക ധാന്യമണി വിടുവിക്കപ്പെട്ടു. ആരംഭത്തിൽ ജീവൻ ഒരു മണിയിൽ ഒതുങ്ങിയിരുന്നു, എന്നാൽ, മരണപുനരുത്ഥാനങ്ങളിലൂടെ ക്രിസ്തുവിന്റെ ജീവൻതന്നെ വിടുവിക്കപ്പെടുകയും അനേക മണികളെ ഉളവാക്കുകയും ചെയ്തിരിക്കുന്നു; ആ ജീവൻ ഇപ്പോൾ അനേക മണികളിൽ ഉണ്ട്. ഇതാണ് കർത്താവിന്റെ മരണത്തെ സംബന്ധിച്ച് യോഹന്നാന്റെ സുവിശേഷത്തിലെ ചിന്ത.

കർത്താവിന്റെ അന്തസ്സിൽ മനുഷ്യരാശി അവനെ പരിശോധിക്കുകയും(18:12–19:16) മനുഷ്യന്റെ അനീതിയിൽ ശിക്ഷയ്ക്ക് വിധിക്കുകയും(18:38;19:16) ദൈവത്തിന്റെ പരമാധികാരത്തിൽ മരണത്താൽ അവനെ പരീക്ഷിക്കുകയും(19:17–37) ചെയ്ത്, പ്രക്രിയാവിധേയനാകുവാൻ(18:1–11) കർത്താവ് സ്വതസിദ്ധമായ ധൈര്യത്തോടെ തന്നെത്താൻ ഏൽപ്പിച്ചുകൊടുത്തു എന്നു നാം കണ്ടു. ഈ ദൂതിൽ കർത്താവിന്റെ മരണത്തിന്റെ അനന്തര ഫലം എന്ന നിർണ്ണായക വിഷയത്തിലേക്ക് (19:31–37) നാം വരുന്നു.

## V. രക്തവും വെള്ളവും പുറപ്പെട്ടു

“എന്നാൽ പടയാളികളിൽ ഒരുവൻ കുന്തംകൊണ്ട് അവന്റെ വിലാപ്പുറത്തു കുത്തി; ഉടനെ രക്തവും വെള്ളവും പുറപ്പെട്ടു,” എന്ന് യോഹന്നാൻ 19:34 പറയുന്നു. കർത്താവിന്റെ തുളയ്ക്കപ്പെട്ട വിലാപ്പുറത്തുനിന്ന് രണ്ട് പദാർത്ഥങ്ങൾ പുറത്തുവന്നു: രക്തവും വെള്ളവും. രക്തം, സഭയെ വിലയ്ക്കുവാങ്ങുന്നതിനും(പ്രവൃ.20:28), പാപങ്ങളോട് ഇടപെടുന്നതിനും(യോഹ.1:29; എബ്രാ.9:22), വീണ്ടെടുക്കുന്നതിനും വേണ്ടിയും, വെള്ളം, സഭയെ ഉളവാക്കുന്നതിനായി(എഫെ. 5:29–31) മരണത്തോട് ഇടപെട്ട്(യോഹന്നാൻ 12:24;3:14–15) ജീവൻ പകരുന്നതിനുവേണ്ടിയും ആണ്. പ്രതിലോമവശത്ത്, കർത്താവിന്റെ മരണം നമ്മുടെ പാപങ്ങൾ ചുമന്നുനീക്കുന്നു: അനുലോമവശത്ത്, അത് നമ്മിലേക്ക് ജീവൻ പകരുന്നു. അതിനാൽ, ഇതിന് രണ്ടു വശങ്ങളുണ്ട്: വീണ്ടെടുപ്പിന്റെ വശവും ജീവൻപകരുന്ന വശവും. വീണ്ടെ

ടുപ്പിന്റെ വശം ജീവൻപകരുന്ന വശത്തിനുവേണ്ടിയുള്ളതാണ്. മറ്റു മൂന്നു സുവിശേഷങ്ങളിലെ രേഖ കർത്താവിന്റെ മരണത്തിന്റെ വീണ്ടെടുപ്പിന്റെ വശത്തിനുവേണ്ടി ഉള്ളതാണ്; എന്നാൽ യോഹന്നാന്റെ രേഖ വീണ്ടെടുപ്പിന്റെ വശത്തിനുവേണ്ടി മാത്രമല്ല, ജീവൻപകരുന്ന വശത്തിനുവേണ്ടിയും ഉള്ളതാണ്. മത്തായി 27:45,51-ലും, മർക്കൊസ് 15:33-ലും, ലൂക്കൊസ് 23:44-45-ലും പാപത്തിന്റെ പ്രതീകമായി "അന്ധകാരം"പ്രത്യക്ഷമാകുകയും മനുഷ്യനെ ദൈവത്തിൽനിന്ന് വേർതിരിച്ചതായ"ആലയത്തിലെ തിരശ്ശീല ചീന്തിപ്പോകുകയും"ചെയ്തു. അവ കർത്താവിന്റെ വീണ്ടെടുപ്പിൻ മരണത്തോട് ബന്ധപ്പെട്ട അടയാളങ്ങൾ ആയിരുന്നു. മാത്രമല്ല, ക്രൂശിന്മേൽ വച്ച് കർത്താവ് സംസാരിച്ചതായ, ലൂക്കൊസ് 23:34-ലെ "പിതാവേ,..... ഇവരോടു ക്ഷമിക്കണമേ,"എന്നും മത്തായി 27:46-ലെ, "എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടത് എന്ത്?"(കാരണം ആ സമയം അവൻ നമ്മുടെ പാപം വഹിച്ചു) എന്നും ഉള്ള വാക്കുകൾ കർത്താവിന്റെ വീണ്ടെടുപ്പിൻ മരണത്തെ ചിത്രീകരിക്കുന്നു. എന്നാൽ, 34-ഉം 36-ഉം വാക്യങ്ങളിൽ യോഹന്നാൻ പരാമർശിച്ചിരിക്കുന്ന ഒഴുകുന്ന വെള്ളവും ഒടിക്കപ്പെടാത്ത അസ്ഥിയും കർത്താവിന്റെ ജീവൻപകരുന്ന മരണത്തിന് അടയാളങ്ങൾ ആണ്. ഈ ജീവൻപകരുന്ന മരണം, കർത്താവിന്റെ ദിവ്യജീവൻ അവന്റെ ഉള്ളിൽനിന്ന്, തന്റെ ജീവൻ പകരപ്പെട്ടവരായ അവന്റെ എല്ലാ വിശ്വാസികളും ചേർന്ന സഭയെ ഉളവാക്കുന്നതിനുവേണ്ടി പകർന്നിരിക്കുന്നു. കർത്താവിന്റെ ജീവൻപകരുന്ന ഈ മരണം ഹവ്വയെ ഉളവാക്കിയതായ ആദാമിന്റെ നിദ്രയെ (ഉല്പ.2:21-23) സൂചിപ്പിക്കുന്നു; ക്രിസ്തുവിന്റെ ശരീരമായ അപ്പം(1 കൊരി.10:17) ഉണ്ടാക്കുന്നതിനായി അനേക ഗോതമ്പുമണികളെ ഉളവാക്കുന്നതിനുവേണ്ടി(യോഹ.12:24), നിലത്ത് വീണ ഏക മണിയുടെ മരണത്തെ സൂചിപ്പിക്കുന്നു. അതുകൊണ്ട് ഇത് ജീവൻപ്രചരിപ്പിക്കുന്നതും ജീവൻവർദ്ധിപ്പിക്കുന്നതും വീണ്ടുംജനിപ്പിക്കുന്നതും ജീവൻ പുനരുത്പാദിപ്പിക്കുന്നതുമായ മരണവുമാണ്.

നാം കാണുവാനിരിക്കുന്നതുപോലെ, കർത്താവിന്റെ തുളയ്ക്കപ്പെട്ട വിലാപ്പുറം, ഹവ്വയെ ഉളവാക്കിയ ആദാമിന്റെ തുറക്കപ്പെട്ട വിലാപ്പുറത്തെ(ഉല്പ.2:21-23) മുൻകൂട്ടി സൂചിപ്പിച്ചിരുന്നു. രക്തം പെസഹ കുഞ്ഞാടിന്റെ രക്തത്തെയും(പുറ.12:7,22; വെളി.12:11), വെള്ളം, അടിക്കപ്പെട്ട പാറയിൽനിന്ന് പുറത്തേക്ക് ഒഴുകിയ വെള്ളത്തെയും(പുറ.17:6; 1 കൊരി.10:4) സൂചിപ്പിച്ചു. രക്തം പാപം കഴുകിക്കളയുന്നതിനുള്ള"ഒരു ഉറവ"യായി രൂപപ്പെടുകയും(സെഖ.13:1), വെള്ളം "ജീവന്റെ ഉറവ"(സങ്കീ.36:9; വെളി.21:6) ആയിത്തീരുകയും ചെയ്തു.

### A. അവന്റെ ഒരു അസ്ഥിയും ഒടിക്കപ്പെട്ടില്ല

കർത്താവിന്റെ മരണത്തിന്റെ എല്ലാ വശവും ദൈവത്തിന്റെ പരമാധികാരപ്രകാരം ആയിരുന്നു. ദൈവത്തിന്റെ പരമാധികാര

ത്തിൻകീഴിൽ കർത്താവിന്റെ അസ്ഥികളിൽ ഒന്നുപോലും ഒടിഞ്ഞില്ല!(19:31-33,36). ശബ്ബത്തിൽ ശരീരങ്ങൾ ക്രൂശിന്മേൽ ഇരിക്കരുത് എന്ന് ആഗ്രഹിച്ചുകൊണ്ട് അവരുടെ കാലുകൾ ഒടിക്കുവാൻ യെഹൂദന്മാർ പീലാത്തോസിനോട് അപേക്ഷിച്ചു. പിന്നെ പടയാളികൾ, കർത്താവിനോടൊപ്പം ക്രൂശിക്കപ്പെട്ടിരുന്ന രണ്ടു കള്ളന്മാരുടെ കാലുകൾ ഒടിച്ചു. എന്നാൽ, അവർ യേശുവിന്റെ അടുക്കൽ വന്നപ്പോൾ അവൻ അതിനകം മരിച്ചു എന്ന് അവർ കണ്ടു. കർത്താവ് അതിനകം മരിച്ചതുകൊണ്ട്, അവർക്ക് അവന്റെ അസ്ഥികൾ ഒടിക്കേണ്ട ആവശ്യമില്ലായിരുന്നു. ഇത് സൂചിപ്പിക്കുന്നത്, ഒരർത്ഥത്തിൽ കർത്താവായ യേശു മനുഷ്യകരങ്ങളാൽ മരണത്തിന് ഏൽപ്പിക്കപ്പെടുകയായിരുന്നില്ല, പിന്നെയോ സ്വയം മരിക്കുകയായിരുന്നു എന്നാണ്. അവൻ ക്രൂശിക്കപ്പെട്ടുവെങ്കിലും,"എന്റെ ജീവനെ വീണ്ടും പ്രാപിക്കേണ്ടതിനു ഞാൻ അതിനെ കൊടുക്കുന്നതുകൊണ്ടു പിതാവ് എന്നെ സ്നേഹിക്കുന്നു. ആരും അതിനെ എന്നോട് എടുത്തുകളയുന്നില്ല; ഞാൻ സ്വമേധയാ അതിനെ കൊടുക്കുന്നു; അതിനെ കൊടുക്കുവാൻ എനിക്ക് അധികാരം ഉണ്ട്; വീണ്ടും പ്രാപിക്കുവാനും അധികാരം ഉണ്ട്,"എന്ന് 10:17-ലും 18-ലും പറയപ്പെട്ട അവന്റെ വാക്കുകൾ നിറവേറ്റിക്കൊണ്ട് അവൻ സ്വയം മരിച്ചു. പുറമേ കാണുന്നത് യേശു കൊല്ലപ്പെട്ടു എന്നാണ്; വാസ്തവത്തിൽ അവൻ തന്റെ ദേഹിജീവൻ **(psuche life)**, വച്ചുകൊടുക്കുകയും മരിക്കുകയും ചെയ്തു. രണ്ടു കുറ്റവാളികൾ കൊല്ലപ്പെട്ടപ്പോൾ, യേശു കൊല്ലപ്പെട്ടില്ല. പിന്നെയോ, അവൻ തന്റെ ദേഹിജീവൻ **(psuche life)** നമ്മുടെ വീണ്ടെടുപ്പിനുവേണ്ടി വച്ചുകൊടുത്തു. അവൻ അതിനകം മരിച്ചതിനാൽ പടയാളികൾ അവന്റെ കാലുകൾ ഒടിച്ചില്ല. അത്,"അവന്റെ അസ്ഥികൾ ഒന്നും ഒടിക്കപ്പെടുകയില്ല"(19:36) എന്ന പ്രവചനം സർവ്വാധികാരപ്രകാരം നിറവേറ്റി.

കർത്താവ് വാസ്തവത്തിൽ മരിച്ചില്ലായിരിക്കും എന്ന് സംശയിച്ച്, പടയാളികളിൽ ഒരുവൻ അവന്റെ വിലാപ്പുറത്ത് ഒരു കുന്തംകൊണ്ട് കുത്തി. അത് സെഖര്യാവ് 12:10-ലെ പ്രവചനം നിറവേറ്റി:"തങ്ങൾ കുത്തിയിട്ടുള്ളവങ്കലേക്ക് അവർ നോക്കും."ഈ കാര്യങ്ങളെല്ലാം ഇത്രയും അർത്ഥവത്തും അത്ഭുതകരവും ആയ വിധത്തിൽ സംഭവിച്ചത് തികച്ചും ദൈവത്തിന്റെ സർവ്വാധികാരത്താൽ ആയിരുന്നു. കർത്താവിന്റെ മരണം യാദൃച്ഛികമായിരുന്നില്ല, പിന്നെയോ, "ലോകസ്ഥാപനത്തിനു മുമ്പേ"(1 പത്രൊ.1:19-20) ദൈവം പദ്ധതിയിട്ടത് ആയിരുന്നു എന്ന് ഇത് ശക്തമായി തെളിയിക്കുന്നു.

കർത്താവിന്റെ ഒരസ്ഥിയും ഒടിക്കപ്പെടാതിരുന്നത് പെസഹാ കുഞ്ഞാടിന്റെ അസ്ഥികൾക്ക് ദൃഷ്ടാന്തമാണ്. പെസഹ സ്ഥാപിച്ചപ്പോൾ, കുഞ്ഞാടിന്റെ അസ്ഥികളിൽ ഒന്നും ഒടിക്കരുതെന്ന് ദൈവം നിർണയിച്ചിരുന്നു(പുറ.12:46; സംഖ്യ.9:11-12). ഇത് അത്ഭുതകരമായ ഒരു മുൻകുറി ആയിരുന്നു പിന്നീട് സങ്കീർത്തനം 34:20-ലും ഇത്

പ്രവചിക്കപ്പെട്ടു. മുൻകുറിയും പ്രവചനവും, രണ്ടും ക്രൂശിന്മേലുള്ള കർത്താവിന്റെ മരണത്തിൽ നിറവേറി.

ഉല്പത്തി 2:21-23-ൽ,“അസ്ഥി”തിരുവെഴുത്തുകളിലെ ആദ്യ പരാമർശമായി നാം കാണുന്നു, അത് ആദാമിന് ഒരു ഇണയായി ഹവ്വയെ ഉളവാക്കുവാനും കെട്ടുപണി ചെയ്യുവാനുമായി ആദാമിൽനിന്ന് ഒരു വാരിയെല്ല് എടുക്കുന്നതാണ്. കർത്താവിൽനിന്ന് വിടുവിക്കപ്പെട്ട അവന്റെ പുനരുത്ഥാനജീവനോടുകൂടെ ഉളവായ സഭയുടെ മുൻകുറി ആയിരുന്നു ഹവ്വ. അതായത്, സഭ ക്രിസ്തുവിന്റെ പുനരുത്ഥാന ജീവനിൽനിന്ന്, ഒടിക്കപ്പെടാത്ത ജീവനിൽനിന്ന്, ദ്രവിക്കാത്ത ജീവനിൽനിന്ന്, പുറത്തുവന്നു. അവന്റേത്, ഒരിക്കലും പരിക്കേൽപ്പിക്കുവാനോ തകർക്കുവാനോ അഥവാ ഒടിക്കുവാനോ കഴിയാത്ത ജീവനാണ്. കർത്താവിന്റെ എല്ലുകളിൽ ഒരെണ്ണം ഒടിക്കുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ, അത് കർത്താവിന്റെ പുനരുത്ഥാനജീവന് മരണത്താൽ പരിക്കേൽക്കുവാനും ഒടിയുവാനും സാധ്യമായിരുന്നു എന്ന് അർത്ഥമാകുമായിരുന്നു.

ഉല്പത്തി 2 പരിശോധിച്ചാൽ, അസ്ഥിയുടെ പ്രാധാന്യം-അത് പുനരുത്ഥാനജീവനെ സൂചിപ്പിക്കുന്നു എന്ന്- നമുക്ക് എളുപ്പത്തിൽ കാണുവാൻ കഴിയും. തിരുവെഴുത്തിന്റെ ഒരു തത്ത്വം, ആദ്യപരാമർശത്തിന്റെ തത്ത്വമാണ്. ഈ തത്ത്വം അനുസരിച്ച്, വേദപുസ്തകത്തിൽ ഒരു സംഗതിയുടെ ആദ്യപരാമർശം, തിരുവെഴുത്തുകളിലുടനീളമുള്ള അതിന്റെ അർത്ഥം നിർണയിക്കുന്നു. യോഹന്നാന്റെ സുവിശേഷത്തിലെ അസ്ഥിയെ സംബന്ധിച്ച് ഈ തത്ത്വം പ്രയോഗിക്കുകയാണെങ്കിൽ, അസ്ഥിയെക്കുറിച്ച് ആദ്യം പരാമർശിച്ചിരിക്കുന്നത് ഉല്പത്തി 2-ലാണെന്ന് നാം കാണുന്നു, അവിടെ ആദാമിൽനിന്ന് ഒരു വാരിയെല്ല് എടുക്കുകയും, അതുകൊണ്ട് ഒരു മണവാട്ടിയെ ഉണ്ടാക്കുകയും ചെയ്തു. ഹവ്വ സഭയ്ക്ക് മുൻകുറിയും, ആദാം ക്രിസ്തുവിന് മുൻകുറിയും, അസ്ഥി ക്രിസ്തുവിന്റെ പുനരുത്ഥാനജീവന് മുൻകുറിയും ആണ്. ഹവ്വ, ആദാമിന്റെ അസ്ഥിയിൽനിന്ന് വന്നതുപോലെ, സഭ, ക്രിസ്തുവിന്റെ പുനരുത്ഥാനജീവനിൽനിന്ന് വരുന്നു. ഹവ്വ ഒരു അസ്ഥിയിൽനിന്ന് നിർമ്മിക്കപ്പെട്ടു; സഭ ദിവ്യജീവനാൽ ഉളവാകുന്നു. അങ്ങനെ, അസ്ഥി പുനരുത്ഥാനജീവന് ഒരു മുൻകുറി ആണ്. കർത്താവായ യേശുവിന്റെ ഒടിക്കപ്പെടാത്ത അസ്ഥി, അവൻ, മരണത്താൽ ഒടിക്കപ്പെടാനാകാത്ത പുനരുത്ഥാനജീവൻ ആണ് എന്ന് സൂചിപ്പിക്കുന്നു. അതുകൊണ്ട്, യാതൊന്നിനും തകർക്കുവാൻ കഴിയാത്ത കർത്താവിന്റെ പുനരുത്ഥാനജീവന് ഒരു അടയാളം, ഒരു പ്രതീകം ആണ് അസ്ഥി. കർത്താവിന്റെ വിലാപ്പുറം തുളയ്ക്കപ്പെട്ടു, എന്നാൽ അവന്റെ ഒരു അസ്ഥിയും ഒടിക്കപ്പെട്ടില്ല. കർത്താവിന്റെ ഭൗതിക ജീവൻ കൊല്ലപ്പെട്ടുവെങ്കിലും അവന്റെ പുനരുത്ഥാനജീവനെ, ദിവ്യജീവനെത്തന്നെ യാതൊന്നിനും പരുക്കേൽപ്പിക്കുവാനോ തകർക്കുവാനോ

കഴിഞ്ഞില്ല എന്ന് ഇത് സൂചിപ്പിക്കുന്നു. യേശു പരുക്കേൽക്കുകയും തകർക്കപ്പെടുകയും മരണത്തിനേൽപ്പിക്കപ്പെടുകയും ചെയ്തത് അവന്റെ ദിവ്യജീവനിൽ അല്ല. അവന്റെ **psuche** ജീവനിൽ, അവന്റെ ദേഹിജീവനിൽ ആയിരുന്നു. അവന്റെ മനുഷ്യജീവൻ മരണത്താൽ നശിപ്പിക്കപ്പെട്ടുവെങ്കിലും, അവന്റെ ദിവ്യജീവനെ തകർക്കുവാൻ കഴിഞ്ഞില്ല. ഈ ജീവൻ കൊണ്ടാണ് സഭ ഉളവാകുകയും പണിയപ്പെടുകയും ചെയ്യുന്നത്.

## B. അവന്റെ വിലാപ്പുറം തുളയ്ക്കപ്പെട്ടു

കർത്താവിന്റെ അസ്ഥികളെ സംബന്ധിച്ച സംഭവത്തിനു ശേഷം പടയാളികളിൽ ഒരുവൻ കുന്തംകൊണ്ട് അവന്റെ വിലാപ്പുറത്ത് കുത്തി; "ഉടനെ രക്തവും വെള്ളവും പുറപ്പെട്ടു"(19:34,37). കർത്താവിന്റെ പുനരുത്ഥാനജീവൻ തകർക്കപ്പെട്ടില്ലെങ്കിലും, തന്റെ ദിവ്യജീവൻ പുറത്തേക്ക് വിടുവിക്കപ്പെടുവാൻ അവൻതന്നെ തകർക്കപ്പെട്ടു. ഇവിടെ വെള്ളം ജീവനെ സൂചിപ്പിക്കുന്നു. ഇതാണ് പഴയനിയമത്തിൽ യിസ്രായേൽ മക്കളുടെ ദാഹം ശമിപ്പിക്കുവാനായി ജീവജലം ഒഴുക്കിയ അടിക്കപ്പെട്ട പാറ ചിത്രീകരിക്കുന്നത്(പുറ.17:6). ക്രൂശിന്മേൽ അടിക്കപ്പെട്ട പാറയാണ് കർത്താവ്. തന്റെ ജീവനിൽനിന്ന് ജീവജലമായി പുറത്തേക്ക് ഒഴുകുവാനായി അവൻ തകർക്കപ്പെട്ടു. അവനിൽനിന്ന് ജീവജലമായി ദിവ്യജീവൻ പുറത്തുവരുവാനായി അവൻ തകർക്കപ്പെട്ടു. അവനിൽനിന്ന് പുറത്തുവന്നത് വെള്ളം മാത്രമല്ല, വീണ്ടെടുപ്പിന് അടയാളമായ രക്തവും ആയിരുന്നു. കർത്താവിന്റെ ജീവൻ ജീവജലമായി സ്വീകരിക്കുന്നതിനു മുമ്പ്, നാം ആദ്യം കഴുകപ്പെടണം. അതുകൊണ്ട്, രക്തം ആദ്യത്തെ സംഗതിയായും വെള്ളം രണ്ടാമത്തെ സംഗതിയായും പരാമർശിച്ചിരിക്കുന്നു. നാം രക്തത്താൽ കഴുകപ്പെട്ടുകഴിഞ്ഞാൽ, പിന്നെ കർത്താവിനെ ജീവനായി സ്വീകരിക്കുവാൻ നാം പ്രാപ്തരാകുന്നു. ഈ കാര്യങ്ങൾ മറ്റു മൂന്നു സുവിശേഷങ്ങളിൽ കാണുവാൻ കഴിയുകയില്ല. അവ യോഹന്നാന്റെ സുവിശേഷത്തിൽ മാത്രം കാണപ്പെടുന്നു, കാരണം, അത് കർത്താവിനെ ജീവനായി വിടുവിക്കുവാൻ തന്റെ മരണത്തിലൂടെ മാത്രമേ കഴിയുകയുള്ളൂ എന്ന് വെളിപ്പെടുത്തുന്ന ഒരു പുസ്തകമാണ്. മറ്റു മൂന്നു സുവിശേഷങ്ങളുടെ രേഖ പ്രധാനമായും വീണ്ടെടുപ്പിനുവേണ്ടി ആയിരിക്കുമ്പോൾ, യോഹന്നാന്റെ സുവിശേഷത്തിലെ രേഖ പ്രധാനമായും ജീവന്റെ വിടുതലിനുവേണ്ടിയാണ്.

### *1. ആദാമിന്റെ തുറക്കപ്പെട്ട വിലാപ്പുറം മുൻകുറി*

കർത്താവിന്റെ വിലാപ്പുറം കുത്തിത്തുളച്ചതിന് ആദാമിന്റെ തുറക്കപ്പെട്ട വിലാപ്പുറം മുൻകുറി ആയിരുന്നു(ഉല്പ.2:21). ആദാമിന്റെ വിലാപ്പുറം തുറക്കപ്പെടുകയും ഒരു വാരിയെല്ല് എടുക്കപ്പെടുകയും ചെയ്തു. ഇവിടെ യേശുവിന്റെ വിലാപ്പുറം തുറക്കപ്പെടുകയും അ

തുറന്ന വിലാപ്പുറത്തുനിന്ന് രക്തവും വെള്ളവും പുറത്തേക്ക് ഒഴുകുകയും ചെയ്തു.

### *2. പുറത്തേക്ക് ഒഴുകുന്ന രക്തം വീണ്ടെടുപ്പിനുവേണ്ടി*

കർത്താവിന്റെ വിലാപ്പുറത്തുനിന്ന് പുറത്തേക്ക് ഒഴുകിയ രക്തം വീണ്ടെടുപ്പിനു വേണ്ടിയുള്ളതാണ്(എബ്രാ.9:22; 1 പത്രൊ.1:18-19; റോമ.3:25). "രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല,"എന്ന് എബ്രായർ.9:22 പറയുന്നു. ഇവിടെ രക്തം, കർത്താവിന്റെ മരണത്തിന്റെ വീണ്ടെടുപ്പിൻ വശത്തെ സൂചിപ്പിക്കുന്നു(യോഹ.1:29). നമ്മുടെ വീണ്ടെടുപ്പിനായി പുറത്തേക്ക് ഒഴുകിയ രക്തം പെസഹകുഞ്ഞാടിന്റെ രക്തത്തിന്(പുറ.12:7) മുൻകുറി ആയിരുന്നു. സെഖര്യാവ് 13:1 സൂചിപ്പിക്കുന്നതുപോലെ ഈ വീണ്ടെടുപ്പിൻ രക്തം പാപങ്ങൾ കഴുകിക്കളയുന്നതിനുള്ള ഒരു ഉറവയായി ഭവിച്ചു. ഇത്തരം ഒരു ഉറവയ്ക്കായി ഹല്ലേലുയ്യാ! ഈ ഉറവ കുടിക്കുന്നതിനുവേണ്ടിയല്ല, പിന്നെയോ കഴുകുന്നതിനുവേണ്ടിയാണ്. പുറത്തേക്ക് ഒഴുകിയ രക്തം സഭയെ വിലയ്ക്കുവാങ്ങുവാനും ആയിരുന്നു(പ്രവൃ.20:28). പാപങ്ങൾ കഴുകിക്കളയുന്നതിനുവേണ്ടിയുള്ള ഉറവയായി ഭവിച്ച രക്തം സഭയെ വിലയ്ക്കു വാങ്ങുന്നതിനുള്ള വിലയായിരുന്നു.

Wed

### *3. പുറത്തേക്ക് ഒഴുകുന്ന വെള്ളം ജീവൻ പകരുന്നതിനുവേണ്ടി*

ക്രിസ്തുവിന്റെ വിലാപ്പുറത്തുനിന്ന് പുറത്തേക്ക് ഒഴുകിയ വെള്ളം അവന്റെ മരണത്തിന്റെ ജീവൻപകരുന്ന വശത്തെ സൂചിപ്പിക്കുന്നു (12:24). വെള്ളം, ജീവൻ പകരുന്നതിനുവേണ്ടിയാണ്(4:14; വെളി.22:1). നാം ചൂണ്ടിക്കാണിച്ചതുപോലെ, അടിക്കപ്പെട്ട പാറയിൽ നിന്ന് പുറത്തേക്ക് ഒഴുകിയ വെള്ളം ഇതിനു മുൻകുറിയാണ്(പുറ.17:6; 1 കൊരി. 10:4). ഈ വെള്ളം,"ജീവന്റെ ഉറവ"(സങ്കീ. 36:9) ആയിത്തീർന്നു. രക്തം, കഴുകുന്നതിനുള്ള ഉറവയായി രൂപപ്പെട്ടപ്പോൾ, വെള്ളം, കുടിക്കുന്നതിനുള്ള ഉറവയായി രൂപപ്പെട്ടു. രക്തം, സഭയെ വിലയ്ക്കുവാങ്ങുന്നതിനുവേണ്ടിയായിരുന്നുവെങ്കിൽ, നിത്യജീവനെ സൂചിപ്പിക്കുന്നതായ വെള്ളം സഭയെ ഉളവാക്കുന്നതിനുവേണ്ടി ആയിരുന്നു. നാം കണ്ടതുപോലെ, ഇത് ആദാമിന്റെ പുറത്തെടുക്കപ്പെട്ട വാരിയെല്ലുകൊണ്ടു ഉണ്ടാക്കിയ ഹവ്വയെ സൂചിപ്പിക്കുന്നു.

കർത്താവിന്റെ മരണത്തിന്റെ രണ്ടാമത്തെ ഈ വശം, ജീവൻവിടുവിക്കുന്നതും, ജീവൻപ്രചരിപ്പിക്കുന്നതും ജീവൻവർദ്ധിപ്പിക്കുന്നതുമായ മരണം, ജനിപ്പിക്കുന്നതും പുനരുത്പാദിപ്പിക്കുന്നതുമായ മരണം ആണ്. കർത്താവായ യേശു, താൻ അനേക മണികളെ ഉളവാക്കുവാൻ മരിക്കുവാനായി നിലത്ത് വീണ ഏക ഗോതമ്പുമണിയാണ്(12:24) എന്നു പറഞ്ഞപ്പോൾ, അവൻ തന്റെ മരണത്തിന്റെ ജീവൻപകരുന്ന വശം പരാമർശിക്കുകയായിരുന്നു. ഈ ഗോതമ്പുമണിയുടെ മരണം

വീണ്ടെടുപ്പിനുവേണ്ടി ആയിരുന്നില്ല; അത് തികച്ചും ആദ്യത്തെ ഗോതമ്പുമണിയിൽ ഉണ്ടായിരുന്ന ജീവൻ, അനേക മണികളിലേക്ക് പകരുന്നതിനുവേണ്ടി ആയിരുന്നു. പ്രതിലോമ വശത്ത്, ക്രിസ്തുവിന്റെ ജീവൻ നമ്മുടെ പാപങ്ങളെ നീക്കി; അനുലോമവശത്ത്, അത് നമ്മിലേക്ക് ദിവ്യജീവൻ പകർന്നു. നാം ഇന്ന് അവനിൽ വിശ്വസിക്കുന്നതുപോലെ, അവന്റെ വീണ്ടെടുപ്പിൻ മരണത്താൽ നമ്മുടെ പാപങ്ങൾ നീങ്ങിപ്പോകുകയും, അവന്റെ ജീവൻപകരുന്ന മരണത്താൽ നിത്യജീവൻ നമ്മിലേക്ക് പകരപ്പെടുകയും ചെയ്തു. ജീവൻപകരുന്ന ഈ മരണം ജീവൻ-പുറത്തുകൊണ്ടുവരുന്നതും ജീവൻ-പ്രചരിപ്പിക്കുന്നതും ജീവൻ-വർദ്ധിപ്പിക്കുന്നതുമായ മരണവും ആണ്. അത് ജനിപ്പിക്കുന്നതും പുനരുത്പാദിപ്പിക്കുന്നതുമായ മരണമാണ്.

ഒരു ഗോതമ്പുമണിയുടെ കാര്യം ചിന്തിക്കുക. അതിന്റെ ജീവൻ മണിയുടെ ഉള്ളിൽ ഒതുക്കപ്പെട്ടിരിക്കുന്നു. മരണത്തിലൂടെ മണിയുടെ ഉള്ളിലെ ജീവൻ വിടുവിക്കപ്പെടുന്നു. അതുപോലെ, ക്രൂശിന്മേലുള്ള മരണത്താൽ, ക്രിസ്തുവിന്റെ ദിവ്യജീവൻ വിടുവിക്കപ്പെട്ടു. അതുകൊണ്ട്, അവന്റെ മരണം ജീവൻ-പുറത്തുകൊണ്ടുവരുന്ന മരണമായിരുന്നു. അവന്റെ ദിവ്യജീവൻ അവനിൽനിന്ന് വിടുവിക്കപ്പെടുക മാത്രമല്ല നമ്മിലേക്ക് പകരപ്പെടുകയും ചെയ്തതുകൊണ്ട്, അവന്റെ മരണം ജീവൻ പകരുന്ന മരണമായിരുന്നു. അവന്റെ ഭാഗത്ത്, അത് ജീവൻ-പുറത്തുകൊണ്ടുവരുന്ന മരണമായിരുന്നു; നമ്മുടെ ഭാഗത്ത്, അത് ജീവൻ പകരുന്ന മരണമാണ്. മാത്രമല്ല, അതിനാൽ അനേക ദിശകളിൽ ജീവൻ വ്യാപിക്കുന്നതുകൊണ്ട്, അത് ജീവൻപ്രചരിപ്പിക്കുന്ന മരണമാണ്. കൂടാതെ ജീവന്റെ വർദ്ധനവിന് ഇടയാക്കുന്നതുകൊണ്ട് അത് ജീവൻ-വർദ്ധിപ്പിക്കുന്ന മരണമാണ്. ഒരു ധാന്യമണി അനേക മണികളായി പുനരുത്പാദിപ്പിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് അത് ജീവൻ പുനരുത്പാദിപ്പിക്കുന്നതായ മരണവുമാണ്. കർത്താവിന്റെ സർവ്വവും ഉൾക്കൊള്ളുന്ന മരണത്തിന്റെ അത്ഭുതകരമായ ഈ വശങ്ങൾ നമ്മിൽ എത്ര മാത്രം മതിപ്പുളവാക്കേണ്ടതാണ്.

യോഹന്നാൻ ഒന്നാം അദ്ധ്യായത്തിൽ, പ്രാവോടുകൂടെ കുഞ്ഞാടിനെ നാം കണ്ടു. കുഞ്ഞാട് മാത്രം ഉണ്ടായിരുന്നാൽ പോരാ, നമുക്ക് പ്രാവും ആവശ്യമാണ്. കുഞ്ഞാട് പ്രധാനമായും വീണ്ടെടുപ്പിനുവേണ്ടിയാണ്, പ്രാവ് പ്രധാനമായും ജീവൻ പകരുന്നതിനുവേണ്ടിയും. ഇതാണ് ദൈവത്തിന്റെ വ്യവസ്ഥ.

കർത്താവിന്റെ മരണത്തിന്റെ ജീവൻപകരുന്ന വശം വീണ്ടെടുപ്പിൻ വശത്തേക്കാൾ അത്ഭുതകരമാണ്. വീണ്ടെടുപ്പ് ശ്രേഷ്ഠവും അത്ഭുതകരവും വിസ്മയകരവുമാണ്, യാതൊന്നിനും അതിനെ പിന്നിലാക്കുവാൻ കഴിയുകയില്ല എന്നു തോന്നും. എന്നാൽ ജീവപ്പകർച്ച വീണ്ടെടുപ്പിനെ പിന്നിലാക്കുന്നതാണ്. ഒരു പാപി കർത്താവിങ്കലേക്ക് വരുന്നു എന്നും, തന്റെ പാപങ്ങൾക്കുവേണ്ടി അവന്റെ രക്തം ചൊരി

ഞ്ഞുകൊണ്ട് ക്രൂശിന്മേൽ മരിച്ച ദൈവത്തിന്റെ കുഞ്ഞാടായി അവനെ വിശ്വസിക്കുന്നു എന്നും കരുതുക. രക്തം അവന് കഴുകൽ പ്രാപിക്കുവാനുള്ള ഒരു ഉറവയായും ഭവിക്കുന്നു. ഇത് എത്ര അത്ഭുതകരമാണ്! എന്നാൽ അവൻ കഴുകപ്പെടുകമാത്രം ചെയ്ത് മറ്റ് യാതൊന്നും അനുഭവമാക്കാതെ പിന്നീട് ഒരു സ്വർഗ്ഗീയ കൊട്ടാരത്തിലേക്ക് നടത്തപ്പെട്ടു എന്നു കരുതുക. അവൻ കഴുകപ്പെട്ടുവെങ്കിലും ഒരു മോർച്ചറിയിലുള്ള ശവം എന്നപോലെ അവനപ്പോഴും മരിച്ചവനാണ്. അവനിപ്പോൾ വളരെയേറെ വൃത്തിയുള്ളവനാണ്; രക്തത്താൽ കഴുകപ്പെട്ട ഒരു മരിച്ച വ്യക്തി ആയിരിക്കുന്നതുകൊണ്ട് അവൻ ഇപ്പോൾ മരണാവസ്ഥയിലുള്ള നിർമ്മലനാണ്. രക്തത്താൽ കഴുകപ്പെട്ടാൽ പോരാ എന്നു നമുക്ക് ഇതിനാൽ കാണാം. നാം ജീവനുള്ളവരും ആയിരിക്കണം. നമുക്ക് ഒരു സ്വർഗ്ഗീയ കൊട്ടാരത്തിലേക്ക് പോകേണ്ട ആവശ്യമില്ല, കാരണം നമുക്ക് ദിവ്യജീവനുണ്ടായിരിക്കുകയും നാം ജീവിക്കുകയും ചെയ്യുന്നിടത്തോളം നമുക്കും ദൈവത്തിനുമായി ഒരു പരസ്പര നിവാസം ഉണ്ട്. വീണ്ടുംജനിക്കാതെ നാം വീണ്ടെടുക്കപ്പെടുകയാണെങ്കിൽ, നമ്മുടെ അവസ്ഥ ദയനീയമായിരിക്കും. വീണ്ടെടുപ്പിന് പിന്നാലെയുള്ള ജീവന്റെ പകർച്ചയാണ് ദൈവത്തിന്റെ ഉദ്ദേശ്യം. വീണ്ടെടുപ്പ് ഇതിനുവേണ്ടിയാണ്. നമുക്ക് ദിവ്യജീവൻ സ്വീകരിക്കുന്നതിനുവേണ്ടി വഴി ഒരുക്കുന്നതിന്, വെള്ളം, രക്തത്തിനു പിന്നാലെ ഉണ്ടായിരിക്കണം. രക്തം, ക്രിസ്തുവിന്റെ മരണത്തിന്റെ വീണ്ടെടുപ്പിൻ വശത്തെ സൂചിപ്പക്കുന്നുവെന്നും, വെള്ളം, ജീവൻപകരുന്ന വശത്തെ സൂചിപ്പിക്കുന്നുവെന്നും നാം കണ്ടു. രക്തം വീണ്ടെടുപ്പിനുവേണ്ടിയാണ്. നമുക്ക് അതിൽ കഴുകപ്പെടുവാൻ അത് ഒരു ഉറവയായി ഭവിക്കുകയും വീണ്ടുംജനനത്തിനുവേണ്ടിയുള്ള വെള്ളം നമുക്ക് ഏതു സമയത്തും അതിൽനിന്ന് കുടിക്കത്തക്ക വിധം ജീവജലത്തിന്റെ ഉറവയായി ഭവിക്കുകയും ചെയ്യുന്നു. പുറമേ നാം കഴുകപ്പെടുകയും അകമേ നാം ഈ ദിവ്യജീവനാൽ നിറയുകയും ചെയ്തിരിക്കുന്നു. ഇപ്പോൾ നാം ജീവനുള്ളവരും അതുപോലെതന്നെ ശുദ്ധിയുള്ളവരും ആണ്, നമുക്കെല്ലാവർക്കും,"ഹല്ലേലുയ്യാ! ഞാൻ വീണ്ടെടുപ്പും വീണ്ടുംജനനവും പ്രാപിച്ചിരിക്കുന്നു!"എന്ന് ഉറക്കെ പറയുകയും ചെയ്യാം.

ഇന്ന് ക്രിസ്ത്യാനികളുടെ ഇടയിൽ, ആദ്യത്തെ മൂന്നു സുവിശേഷങ്ങളിൽ കാണുന്നതുപോലെ കർത്താവിന്റെ വീണ്ടെടുപ്പിൻ മരണത്തെ സംബന്ധിച്ച് അന്തമില്ലാത്ത പഠിപ്പിക്കലുകളുണ്ട്, എന്നാൽ യോഹന്നാന്റെ സുവിശേഷത്തിൽ കാണുന്നതുപോലെ, അവന്റെ മരണത്തിന്റെ ജീവൻനൽകുന്ന വശം തീർത്തും അവഗണിക്കപ്പെട്ടിരിക്കുന്നു. ജീവന്റെ വസ്തുത വേണ്ടവിധം ഒരിക്കലും കണ്ടിട്ടില്ലാത്തതുകൊണ്ടാണ് മിക്ക ക്രിസ്ത്യാനികളും അത് അവഗണിക്കുന്നത്. എന്നിരുന്നാലും, ഈ കഴിഞ്ഞ കുറേ വർഷമായി കർത്താവ് ഈ വസ്തുത അവന്റെ സഭയ്ക്ക് വെളിപ്പെടുത്തിക്കൊടുത്തു.

കർത്താവിന്റെ മരണത്തിന്റെ പ്രധാന വശം ഇതാണെന്നും വീണ്ടെടുപ്പിന്റെ വശം അനുബന്ധമാണെന്നും നമുക്ക് വ്യക്തമായിക്കൊണ്ടിരിക്കുന്നു. ജീവനായി അവനെത്തന്നെ നമ്മിലേക്ക് പകരുക എന്നതാണ് ദൈവത്തിന്റെ അനാദിനിർണയം-ഇതാണ് പ്രധാന വശം. എന്നാൽ നാം പാപം ചെയ്തു. അതുകൊണ്ട്, ഒരു തത്കാല നിവൃത്തി എന്ന നിലയിൽ വീണ്ടെടുപ്പ് ആവശ്യമാണ്. എന്നാൽ പ്രധാനവശം ഇതല്ല. കഴിഞ്ഞകാല നിത്യത മുതൽ ഭാവികാല നിത്യത വരെ, ദൈവത്തിന്റെ ഉദ്ദേശ്യം ജീവനായി അവനെത്തന്നെ നമ്മിലേക്ക് പകരുക എന്നതാണ്. കാലക്രമേണ, നാം വീണുപോവുകയും പാപം ചെയ്യുകയും ചെയ്തു. വീഴ്ച, ദൈവത്തന്റെ നിത്യനിർണയത്തിന് ഒരു വിടവ് ഉണ്ടാക്കി. ദൈവം ഈ വിടവ് നികത്തുകയും വീണ്ടെടുപ്പുകൊണ്ട് അത് നിറയ്ക്കുകയും ചെയ്തു. കർത്താവിന്റെ മരണത്തിന്റെ പ്രധാനവശത്തിനുള്ള അനുബന്ധമാണ് വീണ്ടെടുപ്പ് എന്ന് ഇതിനാൽ നമുക്ക് കാണാം. അങ്ങനെ, യോഹന്നാന്റെ രേഖയിൽ കർത്താവിന്റെ മരണത്തെ സംബന്ധിച്ച പ്രധാന വസ്തുത, അത് ജീവൻ പുറത്തുകൊണ്ടുവരുകയും നമ്മിലേക്ക് പകരുകയും ചെയ്തു എന്നതാണ്.

## VI. മനുഷ്യ ആദരവിൽ വിശ്രമിക്കുന്നു

കർത്താവ് തന്റെ മരണത്തിലുള്ള വേല പൂർത്തീകരിച്ച ശേഷം വിശ്രമിച്ചു(19:38-42). കർത്താവിനു ഭവിച്ച അനേക ദോഷങ്ങളും കഷ്ടതകളും യോഹന്നാൻ 18-ലും 19-ലും നാം കാണുന്നു. ചിലർ അവനോട് നീചമായി പെരുമാറുകയും, മറ്റു ചിലർ അവനെ പരിഹസിക്കുകയും, അവന്റെ ഏറ്റവും അടുത്ത ശിഷ്യൻപോലും അവനെ തള്ളിപ്പറയുകയും ചെയ്തു. അവന്റെ ചുറ്റുപാടുകളിലുള്ളതെല്ലാം ഇരുണ്ടതായിരുന്നു. എന്നാൽ സംഭവങ്ങൾ എത്ര ദോഷകരമായിരുന്നുവെങ്കിലും, അവൻ വളരെ കഷ്ടത അനുഭവിച്ചുവെങ്കിലും, അവൻ അവയെല്ലാം സഹിക്കുകയും, താൻ വിജയിക്കുകയും കീഴടക്കുകയും ചെയ്യുന്ന ജീവനാണ് എന്ന് കാണിച്ചുകൊണ്ട്, അവയിലൂടെ അവൻ കടന്നുപോകുകയും ചെയ്തു. അവന്റേത് കീഴടക്കപ്പെട്ട ജീവനല്ല; അവന്റേത് കീഴടക്കുന്ന ജീവനാണ്. അതുകൊണ്ട്, അവന്റെ മരണത്തിനു ശേഷം പെട്ടെന്നുതന്നെ, സാഹചര്യം കറുപ്പിൽനിന്ന് വെളുപ്പിലേക്ക് മാറി. കർത്താവ് വീണ്ടെടുക്കുന്നതും ജീവൻ-പകരുന്നതുമായ തന്റെ മരണം നിറവേറ്റിയതിനു ശേഷം, അവന്റെ കഷ്ടതകളുടെ സാഹചര്യം പെട്ടെന്ന് മഹിമയുടേതായി മാറി. അവന്റെ മരണത്തിനു മുമ്പ്, സകലവും ദുഷിച്ചതും മരണകരവുമായിരുന്നു; അവന്റെ മരണത്തിനുശേഷം സകലവും ആനന്ദകരവും യോഗ്യവും ആയി. അരിമഥ്യക്കാരനായ യോസേഫ് എന്ന"ധനവാനും"(വാ.38; മത്തായി 27:57) "യെഹൂദന്മാരുടെ ഒരു പ്രമാണി"(യോഹ.3:1)ആയ നിക്കോദേമൊസ്സും, അവന്റെ ശരീരം സംസ്കരിക്കുന്നതിന് തയ്യാറാക്കുവാൻ

ശീലയും വിലയേറിയ സുഗന്ധവർഗ്ഗങ്ങളായ മൂറും അകിലും കൊണ്ടുവന്നു. "സമ്പന്നന്മാരോടുകൂടെ ഒരു പുതിയ കല്ലറയിൽ സംസ്കരിച്ചുകൊണ്ട്"(വാ.41; യെശ.53:9) അവന്റെ ശരീരത്തിനുവേണ്ടി കരുതിയത് ദരിദ്രന്മാരായിരുന്നില്ല, കുലീനന്മാരായിരുന്നു. മുഴുവൻ സാഹചര്യവും ഒരു സമ്പന്ന അവസ്ഥയിലേക്ക്, ഒരു കുലീന സ്ഥിതിയിലേക്ക്, ഒരു പുതിയ മണ്ഡലത്തിലേക്ക്, മാറിയെന്ന് ഇതിൽനിന്ന് നാം കാണുന്നു. കർത്താവ് ഇപ്പോൾ ആളുകൾക്ക് പ്രിയപ്പെട്ടവനാകുകയും അവർ അവനെ ഉന്നതമായി വിലമതിക്കുകയും ചെയ്തു. അതുകൊണ്ട്, കർത്താവ് മനുഷ്യ ആദരവിൽ വിശ്രമിച്ചു. അപമാനത്തിലായിരുന്നു അവൻ കൊല്ലപ്പെട്ടതെങ്കിലും, ആദരവിൽ അവൻ സംസ്കരിക്കപ്പെട്ടു. അവൻ മരിച്ചപ്പോൾ, കുഴപ്പം പിടിച്ചതും നീചവുമായ കാര്യങ്ങൾ നീങ്ങിപ്പോയി. ഇപ്പോൾ, ദൈവത്തിന്റെ സർവ്വാധികാരപ്രകാരം, ഉന്നത നിലവാരത്തിലുള്ള മാനുഷിക ആദരവിൽ മരിച്ചവരിൽനിന്ന് പുനരുത്ഥാനം ചെയ്യുവാനുള്ള സമയം കാത്തുകൊണ്ട് കർത്താവ് ശബ്ബത്ത് ദിനത്തിൽ വിശ്രമിച്ചു(വാ.42, ലൂക്കൊ.23:55-56). 5:17-ൽ യെഹൂദന്മാർ തങ്ങളുടെ പെസഹ ആചരിക്കുമ്പോൾ കർത്താവ് അവരോട് പിതാവും താനും പ്രവർത്തിക്കുകയായിരുന്നു എന്നു പറഞ്ഞു. ഇപ്പോൾ അവന്റെ വേല പൂർത്തീകരിക്കപ്പെട്ടു, അവൻ വിശ്രമിക്കുകയും ശരിയായ ഒരു ശബ്ബത്ത് ആസ്വദിക്കുകയും ചെയ്തു. ഈ ശബ്ബത്തിനുശേഷം, ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ, അവൻ തന്റെ വിശ്രമസ്ഥലത്തുനിന്ന് ഉയിർത്തെഴുന്നേല്ക്കും. അടുത്ത ദൂതിൽ നമുക്ക് കർത്താവിന്റെ പുനരുത്ഥാനം പരിഗണിക്കാം.

യോഹന്നാൻ 18-ഉം 19-ഉം വായിക്കുന്നതിലൂടെയും, ഈ അദ്ധ്യായങ്ങളിൽ കാണുന്ന ആശയങ്ങളെല്ലാം പരിഗണിക്കുന്നതിലൂടെയും, കർത്താവിന്റെ മരണത്തിന്റെ പ്രാധാന്യം മനസ്സിലാക്കുവാൻ നമുക്ക് കഴിയും. കർത്താവ് എങ്ങനെ സ്വമേധയാ ഉള്ള ധൈര്യത്തിൽ തന്നെത്താൻ ഏല്പിച്ചുകൊടുത്തെന്നും, താൻ കീഴടക്കുന്ന പുനരുത്ഥാനജീവൻ ആണെന്ന് തെളിയിച്ചുകൊണ്ട് മരണത്തിന്റെ സാഹചര്യത്തെയും അതിന്റെ സ്വാധീനത്തെയും കീഴടക്കിയെന്നും, തന്നെത്താൻ നമ്മിലേക്ക് ജീവനായി പകരുവാനായി മരിച്ചുവെന്നും ഈ അദ്ധ്യായങ്ങൾ വെളിപ്പെടുത്തുന്നു. അവൻ ഇത് നിറവേറ്റിയതിനു ശേഷം, അവനെ ഉന്നതമായി വിലമതിക്കുകയും വിശ്രമത്തിൽ ആക്കി വയ്ക്കുകയും ചെയ്തു. കർത്താവ് തന്നെത്തന്നെ മരണത്തിന് ഏൽപ്പിച്ചുകൊടുക്കുവാൻ ഒരുങ്ങിയിരുന്നുവെന്നും, അതിലൂടെ, ഒരിക്കലും മരണത്തിന് പരിക്കേൽപ്പിക്കുവാനോ തകർക്കുവാനോ കീഴടക്കുവാനോ കഴിയാത്ത പുനരുത്ഥാനജീവനാണ്, കീഴടക്കുന്ന ജീവനാണ് താനെന്ന് തെളിയിക്കുകയും ചെയ്യുകയാണ് ഈ രണ്ട് അദ്ധ്യായങ്ങളുടെ ഉദ്ദേശ്യം. മരണത്തിന് അവനെ കീഴടക്കുവാൻ കഴിയുകയില്ലെന്നും, എന്നാൽ അതിന് അവനെ ജീവനായി വിടുവിക്കുവാൻ മാത്രമേ കഴിയു എന്നും അവൻ തെളിയിച്ചു. ഒരു വശത്ത്, കർത്താവ് തകർക്കപ്പെടുവാൻ കഴിയാത്തവൻ

ആണ്; മറുവശത്ത്, അവൻ തകർക്കപ്പെട്ടു. പുനരുത്ഥാന ജീവനാൽ അവനെ തകർക്കുവാൻ കഴിയുകയില്ല; എന്നാൽ തന്നെത്താൻ ജീവനായി വിടുവിക്കുവാൻ അവൻ തകർക്കപ്പെട്ടു. അവന്റെ അസ്ഥികളൊന്നും ഒടിക്കപ്പെട്ടില്ല എന്നത് അവന്റെ പുനരുത്ഥാന ജീവന്റെ യാതൊന്നിനെയും തകർക്കുവാൻ കഴിയുകയില്ലെന്ന് തെളിയിച്ചു. എന്നാൽ, ജീവൻ വിടുവിക്കുവാനും നമ്മിലേക്ക് പകരുവാനുമായി കഷ്ടത അനുഭവിക്കുവാനും തുളയ്ക്കപ്പെടുവാനും അവൻ തയ്യാറായിരുന്നു. അത് നിറവേറിക്കഴിഞ്ഞപ്പോൾ, അവൻ വിശ്രമിക്കുകയും പുനരുത്ഥാനത്തിനുവേണ്ടി കാത്തിരിക്കുകയും ചെയ്തു.

യോഹന്നാന്റെ സുവിശേഷത്തിന്റെ രേഖ മത്തായി, മർക്കൊസ്, ലൂക്കൊസ് എന്നിവയുടെ രേഖകളുമായി താരതമ്യപ്പെടുത്തിക്കൊണ്ട് കർത്താവിന്റെ മരണത്തെ സംബന്ധിച്ച ശരിയായ ഗ്രാഹ്യത്തിൽ നാം എത്തുന്നു. കർത്താവ് വീണ്ടെടുപ്പിനുവേണ്ടി മരിച്ചുവെന്ന് ഈ മൂന്ന് അദ്ധ്യായങ്ങളും കാണിക്കുന്നു. എന്നാൽ, അവൻ മരിച്ചത് വീണ്ടെടുപ്പിനുവേണ്ടി മാത്രമല്ല, പിന്നെയോ പ്രത്യേകമായി ജീവൻ പുറത്തേക്ക് വിടുവിക്കുന്നതിനുവേണ്ടി ആയിരുന്നു എന്ന് യോഹന്നാന്റെ സുവിശേഷം വെളിപ്പെടുത്തുന്നു. അങ്ങനെ, അവന്റെ മരണത്തിലൂടെ, നാം വീണ്ടെടുക്കപ്പെടുകയും, അവന്റെ ജീവൻ പുറത്തേക്ക് വിടുവിക്കപ്പെടുകയും നമ്മിലേക്ക് പകരപ്പെടുകയും ചെയ്തു.